ഉത്തരം

(എ-ഡി) തുഞ്ചൻ സ്മാരകത്തിന്റെ ഭരണസമിതി രൂപീകരണം സംബന്ധിച്ച വിശദവിവരങ്ങളടങ്ങിയ 26-2-2001-ലെ ജി. ഒ. (എം.എസ്) 14/2001/സിഎഡി നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി വച്ചിട്ടുണ്ട്.*

(ഇ) തുഞ്ചൻ സ്മാരക ട്രസ്റ്റിൽ ഇപ്പോൾ 17 അംഗങ്ങളാണുള്ളത്. 26-2-2001-ൽ രൂപീകരിച്ച ഈ ട്രസ്റ്റിലെ അംഗങ്ങളിലെ പലരുടെയും സാംസ്ക്കാരിക പ്രവർത്തന പാരമ്പര്യത്തെപ്പറ്റി അറിയില്ല.

(എഫ്) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രൂപീകരിച്ച ഒരു ട്രസ്റ്റിനാണ് ഈ സ്ഥാപനത്തിന്റെ ഭരണചുമതല. ഈ ട്രസ്റ്റിന്റെ ചെയർമാൻ ഒഴികെ മറ്റുള്ളവർക്ക് കാലപരിധി നിശ്ചയിച്ചിട്ടില്ല. മാറ്റം അനിവാര്യമാണെന്ന പൊതുജനാഭിപ്രായം ഉയർന്നു വന്നിട്ടുണ്ട്.

വൈലോപ്പിള്ളി സംസ്കൃതിഭവൻ തുഞ്ചൻ സ്മാരക ഭരണസമിതികളുടെ ഘടന

63 (1858) ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈലോപ്പിള്ളി സംസ്കൃതി ഭവന്റെ ഭരണസമിതിയുടെ ഘടന എപ്രകാരമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ഭരണസിമിതിയെ നിയോഗിക്കുന്നത് എപ്രകാരമാണ് ;

(സി) തുഞ്ചൻ സ്മാരകത്തിന്റെ ഭരണസമിതിയുടെ ഘടന എപ്രകാരമാണ് ;

(ഡി) ഈ സമിതി രൂപീകരിച്ചതു സംബന്ധിച്ച ഗവൺമെന്റ് ഉത്തരവിൽ ഈ സമിതിയിലെ ആജീവനാന്ത അംഗങ്ങളെ മാറ്റുവാനോ അവർ മരിക്കുമ്പോഴോ രാജിവയ്ക്കുമ്പോഴോ ഒഴിവുവരുന്ന സ്ഥാനത്തേയ്ക്ക് ആളെ നിയോഗിക്കുവാനോ വ്യവസ്ഥയുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(എഫ്) തുഞ്ചൻ സ്മാരക ഭരണസമിതി പിരിച്ചുവിടുവാൻ അതു രൂപീകരിച്ച ഉത്തരവിൽ വ്യവസ്ഥചെയ്തിട്ടുണ്ടോ ;

(ജി) ഗവൺമെന്റിന്റെ സൃഷ്ടിയെന്ന നിലയിൽ ഇതു പിരിച്ചുവിടാൻ ഗവൺമെന്റിന് അധികാരമുണ്ടോ എന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മൾട്ടി പർപ്പസ് കൾച്ചറൽ കോംപ്ലക്സ് സൊസൈറ്റിയുടെ (വൈലോപ്പിള്ളി സംസ്കൃതി ഭവൻ) ഭരണസമിതിയുടെ ഘടന ഇപ്രകാരമാണ്.

1. ചെയർമാൻ
2. വൈസ് ചെയർമാൻ
3. സെക്രട്ടറി
4. സംസ്ഥാന സംഗീത നാടക അക്കാദമി, കേരള സാഹിത്യ അക്കാദമി, കേരള ലളിതകലാ അക്കാദമി, കേരള കലാമണ്ഡലം, കേരള ഫോക്‌ലോർ അക്കാദമി എന്നിവയുടെ ബന്ധപ്പെട്ട ജനറൽ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ഓരോ പ്രതിനിധി.
5. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു എം. പി.
6. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു എം. എൽ. എ.
7. സാഹിത്യം ഉൾപ്പെടെ ഏതെങ്കിലും ഒരു കലയിൽ പ്രശസ്തരായ അഞ്ചു പേരിൽ കവിയാതെ സർക്കാർ നാമനിർദ്ദേശം ചെയ്യുന്നവർ.
8. കേന്ദ്ര സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന വിദ്യാഭ്യാസ സാംസ്കാരിക മന്ത്രാലയത്തിലെ ഒരു പ്രതിനിധി.
9. ചീഫ് എഞ്ചിനീയർ (ബിൽഡിംഗ് ആന്റ് ലോക്കൽ വർക്സ്)
10. വാസ്തുവിദ്യാ ഗുരുകുലത്തിലെ എക്സിക്യൂട്ടീവ് ആഫീസർ

(ബി) സർക്കാരാണ് ഈ ഭരണസമിതിയെ നിയോഗിക്കുന്നത്.

(സി-ജി) തുഞ്ചൻ സ്മാരക ഭരണസമിതിയുടെ ഘടന, അംഗങ്ങളുടെ നിയമനം, പിരിഞ്ഞുപോക്ക്, അംഗസംഖ്യ, ട്രസ്റ്റിന്മേൽ സർക്കാരിനുള്ള അധികാരം തുടങ്ങിയ എല്ലാ വസ്തുതകളും വിശദാംശങ്ങളും അടങ്ങുന്ന 26-2-2001-ന് പുറപ്പെടുവിച്ച ജി. ഒ. (എം.എസ്.) 14/2001/സിഎഡി നമ്പർ ഉത്തരവ് അനുബന്ധമായി ഇതോടൊപ്പം വയ്ക്കുന്നു.*

ഷൊർണ്ണൂർ കാരക്കാട് സുബ്രഹ്മണ്യ ക്ഷേത്രത്തിന്റെ പുനർനിർമ്മാണം

64 (1859) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും സാംസ്കാരികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷൊർണ്ണൂർ കാരക്കാട് സുബ്രഹ്മണ്യ ക്ഷേത്രം തീ കത്തി നശിച്ചതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ക്ഷേത്രം പുനർ നിർമ്മിക്കുന്നതിനാവശ്യമായ ധനസഹായം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly